പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.341 — 28.11.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാർക്ക് പ്രത്യേക വിദ്യാഭ്യാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) പാങ്ങപ്പാറയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ചഡിനെ വിദ്യാഭ്യാസ വകുപ്പിൽ നിന്നും സമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കാൻ ആലോചിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയോ യോഗമിനിട്ട്സുകൾ തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ; | (എ) പാങ്ങപ്പാറയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം വിദ്യാഭ്യാസ വകുപ്പിൽ നിന്നും സാമൂഹ്യനീതി വകുപ്പിലേയ്ക്ക് മാറ്റി സ്പെഷ്യൽ എഡ്യൂക്കേഷൻ മേഖലയിലെ പരിശീലന കേന്ദ്രമാക്കി മാറ്റുന്നതാണ് എന്നും ഇത് ഒരു മിഷനോ, ഡയറക്ടറേറ്റ് ഓഫ് ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ് ആയോ മാറ്റാവുന്നതാണ് എന്നും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം ശാക്തീകരിക്കുന്നത് സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ ചേമ്പറിൽ 9/8/2018-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്(യോഗ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു). |
| (ബി) ഭിന്നശേഷിക്കാരുടെ പ്രത്യേക വിദ്യാഭ്യാസത്തിനായി അക്കാദമിക ഗവേഷണ സൗകര്യങ്ങൾ ഒരുക്കാൻ പുതിയ സ്ഥാപനം തുടങ്ങുമെന്ന പത്രവാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിനായി വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) ഇല്ല. 9/8/2018-ലെ യോഗതീരുമാന പ്രകാരം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്(SIMC)-യെ ഒരു apex സ്ഥാപനമാക്കുന്നതിനും, പഠന വൈകല്യം സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി 28/9/2018-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ സ്പെഷ്യൽ എഡ്യൂക്കേഷൻ പാഠ്യപദ്ധതി തയ്യാറാക്കൽ, ഗവേഷണം, പരിശീലനം തുടങ്ങിയവയ്ക്കുള്ള apex സ്ഥാപനമാക്കി SIMC-യെ മാറ്റുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡോ.എം.കെ.ജയരാജിനെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം ശാക്തീകരിക്കുന്നത് സംബന്ധിച്ച് ബഹു:മുഖ്യമന്ത്രിയുടെ ചേംബറിൽ 9.8.2018 ൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്**

ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വൈകിട്ട് 4 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ ബഹു:ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രിയെ കൂടാതെ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

ശ്രീ.ബിജു പ്രഭാകർ.IAS, സ്പെഷ്യൽ സെക്രട്ടറി സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ, പൊതു വിദ്യാഭ്യാസ വകുപ്പുകളുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ പ്രൊപ്പോസൽ ബഹു.മുഖ്യമന്ത്രി മുൻപാകെ അവതരിപ്പിച്ചു.

സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, പ്രൊപ്പോസലിന്റെ ഉള്ളടക്കം യോഗത്തിൽ വിശദീകരിച്ചു. പ്രൊപ്പോസൽ തത്വത്തിൽ അംഗീകരിക്കാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കുട്ടികൾക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേയ്ക്ക് പഞ്ചായത്തുതലത്തിൽ ഒരു ലിസ്റ്റ് തയ്യാറാക്കി നൽകാവുന്നതാണെന്നും ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന പ്രൊപ്പോസൽ ആയതിനാൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂടി സാമ്പത്തിക ചെലവും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് ബന്ധപ്പെട്ട വകുപ്പു മന്ത്രിമാരുടെ അംഗീകാരത്തോടെ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

യോഗത്തിൽ താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

(1) സാമൂഹ്യ നീതി വകുപ്പ് സമർപ്പിച്ച ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം ശാക്തീകരിക്കുന്നതിലേയ്ക്ക് തയ്യാറാക്കിയ പ്രൊപ്പോസലിലെ നിർദ്ദേശങ്ങൾ എല്ലാം തത്വത്തിൽ അംഗീകരിച്ചു.

(2) സ്പെഷ്യൽ സ്കൂളുകൾ A, B & C എന്ന് ഗ്രേഡ് ചെയ്ത് പ്രൊപ്പോസലിൽ പറയുന്ന പ്രകാരം 2018-19 മുതൽ ഗ്രാന്റ് അനുവദിക്കാവുന്നതാണ്. ഇതിന്റെ മേൽനോട്ടത്തിനും ഗ്രാന്റ് അനുവദിക്കുന്നതിനും സ്പെഷ്യൽ സെക്രട്ടറി(സാമൂഹ്യനീതി വകുപ്പ്) യുടെ നേതൃത്വത്തിൽ ഒരു Grant-in-aid committee രൂപീകരിക്കേണ്ടതാണ്.

(3) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, വിദ്യാഭ്യാസ വകുപ്പിൽ നിന്നു സാമൂഹ്യ നീതി വകുപ്പിലേയ്ക്ക് മാറ്റി സ്പെഷ്യൽ എഡ്യൂക്കേഷൻ മേഖലയിൽ SCERT യ്ക്ക് തുല്യമായ ഗവേഷണ പരിശീലന കേന്ദ്രമാക്കി മാറ്റുന്നതാണ്. വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോൾ IED സെക്ഷനുകളിൽ നിലവിലുള്ള തസ്തികകൾ ഈ സ്ഥാപനത്തിലേയ്ക്ക് പുനർവിന്യസിച്ച് ഇത് ഒരു മിഷനോ, ഡയറക്ടറേറ്റ് ഓഫ് ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ് ആയോ മാറ്റാവുന്നതാണ്

(4) Mild/borderline മാനസിക/ ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളെ വിവിധ മേഖലകളിലെ വിദഗ്ധരടങ്ങിയ ടീമിനെക്കൊണ്ട് പരിശോധിപ്പിച്ചശേഷം അതിന്റെ അടിസ്ഥാനത്തിൽ സാധാരണ സ്കൂളുകളിലേയ്ക്ക് മാറ്റുന്നതിനും തീരുമാനമായി.

(5) സെറിബ്രൽ പാൾസി, ഓട്ടിസം, ബുദ്ധിമാന്ദ്യം, കേൾവി വൈകല്യം, കാഴ്ച വൈകല്യം എന്നീ അഞ്ച് വിഭാഗം ഭിന്നശേഷിക്കാർക്കായി എല്ലാ ഉപ വിദ്യാഭ്യാസ ജില്ലകളിലും 'പ്രത്യേക സമഗ്ര വിദ്യാഭ്യാസ കേന്ദ്രം' ('Special Integrated Education Centre') സ്ഥാപിക്കുന്നതിനും SSA, RMSA എന്നിവിടങ്ങളിലെ IED റിസോഴ്സ് അദ്ധ്യാപകരെ നിഷ്കർഷിച്ചിട്ടുള്ള അനുപാതത്തിൽ നിയമിക്കുന്നതിനും തീരുമാനമായി.

(6) കുട്ടികളുടെ ജനന സമയത്തും സ്കൂൾ അഡ്മിഷനു മുൻപും നിർബന്ധമായും സ്ക്രീനിംഗ് നടത്തി വൈകല്യങ്ങൾക്കുള്ള പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനമായി.

(7) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള ധനസഹായം നൽകുന്നതിലേയ്ക്ക്, പഞ്ചായത്തുതലത്തിൽ പ്രസ്തുത കുട്ടികളുടെ പട്ടിക തയ്യാറാക്കി നൽകേണ്ടതാണ്.

(8) സംസ്ഥാനത്തെ എല്ലാ ബഡ്സ് സ്കൂളുകൾ, സ്പെഷ്യൽ സ്കൂളുകൾ, മറ്റ് വൈകല്യമുള്ള ആൾക്കാർക്കായി നടത്തുന്ന എല്ലാ തരത്തിലുമുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് Rights of Persons with Disabilities Act 2016 അനുസരിച്ചുള്ള Registration Certificate നിർബന്ധമാക്കും.

(9) ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശ സ്വയംഭരണ, സാമൂഹ്യനീതി, ധനവകുപ്പു സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടി ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതാണ്. ടി മാർഗ്ഗരേഖ ബന്ധപ്പെട്ട മന്ത്രിമാരുടെ അംഗീകാരത്തോടെ ബഹു. മുഖ്യമന്ത്രിക്കു അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

യോഗം 4.30 p.m ന് അവസാനിച്ചു.

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ശ്രീ.രാജീവ് സദാനന്ദൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
2. ശ്രീ.എ.ഷാജഹാൻ, സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പ്
3. ശ്രീ.ബിജു പ്രഭാകർ, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
4. ശ്രീ.ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
5. ഡോ.സരിത.ആർ.എൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ
6. ഡോ.റംലാ ബീവി.എ, ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
7. ശ്രീ.ജിമ്മി.കെ.ജോസ്, അഡീഷണൽ ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
8. ഡോ.മുഹമ്മദ് അഷീൽ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ
9. ഡോ.ജയപ്രകാശൻ.കെ.പി, സെക്രട്ടറി, കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി
10. ഡോ.കിരൺ.പി.എസ്, സ്റ്റേറ്റ് നോഡൽ ഓഫീസർ, മെന്റൽ ഹെൽത്ത്, ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് സർവ്വീസസ്
11. ശ്രീ.എൻ.സുനിൽ കുമാർ, വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
12. ശ്രീ.ദിനേശൻ മഠത്തിൽ, വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി
13. ശ്രീമതി.ജെസ്സി ജോർജ്ജ്, ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ
14. ശ്രീ.മനോജ് കുര്യൻ, സ്റ്റേറ്റ് പ്രോഗ്രാം കോഓർഡിനേറ്റർ, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്
15. ശ്രീ.നിഷാന്ത്.എസ്, റീജിയണൽ ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ
16. ശ്രീമതി.അൻസിദ.ജി.എസ്, പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ
17. ശ്രീ.ജോമോൻ.കെ.ജെ, SAPM-SD, കുടുംബശ്രീ

Geetha